ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി, ഡി) 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരും 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 9 (എ) (ഐ) പ്രകാരം താൽക്കാലിക നിയമനം ലഭിച്ചവരുമായ മുഴുവൻ വികലാംഗ ജീവനക്കാരേയും, 28-9-1998-ലെ ജി.ഒ. (പി) 32/98/പി.ആന്റ് എ. ആർ.ഡി., 13-10-1999-ലെ ജി.ഒ. (പി) 10/99/പി. ആന്റ് എ.ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തിരുന്നതിനാൽ ശ്രീമതി സൂസൻ ജോർജ്ജിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നേടാനായില്ല. അതിനാൽ വികലാംഗയായ ശ്രീമതി സൂസൻ ജോർജ്ജിന് മാനുഷിക പരിഗണനാടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് സ്ഥിരം നിയമനം നൽകിയത്.

വിധവകൾക്കും വിവാഹമോചനം നേടിയ സ്ത്രീകൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ

161 [2641] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകൾക്കും വിവാഹമോചനം നേടിയ സ്ത്രീകൾക്കും രണ്ടു ശതമാനം പലിശനിരക്കിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി അനുസരിച്ച് പരമാവധി എത്ര തുക വരെയാണ് വായ്പ നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ചുള്ള വായ്പകൾക്ക് അപേക്ഷാഫാറവും മറ്റും ഇപ്പോൾ ഏതെല്ലാം കേന്ദ്രങ്ങളിലാണ് വിതരണം ചെയ്യുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 18-നും 45-നും മദ്ധ്യേ പ്രായമുള്ള വിധവകൾക്കും, വിവാഹമോചിതർക്കും, അവിവാഹിതരായ അമ്മമാർക്കും ഈ വായ്പ നൽകുന്നു. വില്ലേജാഫീസിൽനിന്നും സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. തിരിച്ചടവ് കാലാവധി 5 വർഷമാണ്.

(ബി) 10,000 രൂപവരെ വായ്പ നൽകുന്നതാണ്.

(സി) അപേക്ഷാഫാറം ജൂലൈ 31 വരെ വനിതാ വികസന കോർപ്പറേഷന്റെ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മേഖലാ ഓഫീസുകളിൽനിന്നും ലഭ്യമാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എല്ലാ ജില്ലകളിലുള്ളവർക്കും ഈ വായ്പയ്ക്ക് അപേക്ഷിക്കാം. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മേൽസൂചിപ്പിച്ച ഏതെങ്കിലും മേഖലാ ഓഫീസുകൾ വഴിയാണ് അപേക്ഷിക്കേണ്ടത്.

ശിശുകേന്ദ്രങ്ങൾ

162 [2642] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഉള്ള അംഗൻവാടികൾക്ക് പുറമേ കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിൽ പ്രത്യേകം ശിശുകേന്ദ്രങ്ങളുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇവയിൽ വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഒഴിവുകൾ എത്രയുണ്ട്;

(ഡി) അംഗൻവാടികൾ ഇല്ലാത്ത പ്രദേശങ്ങൾ പരിശോധിച്ച് അവിടെ പുതിയവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ഐ.സി.ഡി.എസ് പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതി ആകയാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പുതിയ അംഗൻവാടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

അംഗൻവാടികളുടെ പ്രവർത്തനം

163 [2643] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് വെളിപെടുത്തുമോ;

(ബി) അംഗൻവാടികളിലെ കുട്ടികൾക്ക് ഇപ്പോൾ സർക്കാരിൽനിന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്;

(സി) പിന്നോക്ക മേഖലകളിൽ കൂടുതൽ അംഗൻവാടികൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(ഡി) അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly